**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4576** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂറിൽ വന്യജീവി ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി മേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി എന്നീ പഞ്ചായത്തുകളിലെ ജനജാഗ്രതാ സമിതികൾ കൂടി, വന്യജീവികളുടെ ആക്രമണം തടയുന്നതിന് പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പയ്യാവൂർ പഞ്ചായത്തിൽ വാഞ്ചിയം മുതൽ ചിറ്റാരി വരെ 9.5 കി.മീറ്ററും ഉളിക്കൽ പഞ്ചായത്തിൽ പീടികക്കുന്ന് മുതൽ തൊട്ടിൽപ്പാലം വരെ 12.8 കി.മീറ്ററും ആലക്കോട് പഞ്ചായത്തിൽ 4.5 കി.മീറ്ററും നടുവിൽ പഞ്ചായത്തിൽ 4 കി.മീറ്ററും എരുവേശ്ശി പഞ്ചായത്തിൽ 2.5 കി.മീറ്ററും ഉദയഗിരി പഞ്ചായത്തിൽ 10കി.മീറ്ററും സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സ്ഥാപിച്ച വൈദ്യുതവേലികളുടെ അറ്റകുറ്റജോലികൾക്കും പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ സ്ഥാപിച്ച സൗരോർജ്ജവേലികളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. ഫെൻസിംഗ് ഇല്ലാത്ത പേരട്ട മുതൽ കൂട്ടുപുഴപാലം വരെയുള്ള 1.2 കി.മീ. സൗരോർജ്ജവേലി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പയ്യാവൂർ പഞ്ചായത്തിന്റെ വനാതിർത്തികളിൽ ത്രിതല പഞ്ചായത്തിന്റെ സഹകരണത്തോടെ ഹാഗിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ